# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.7-1124/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 21/08/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.7-1124/24

തീയ്യതി: 21/08/2024

## കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-05-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-05-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## .(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു സി ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-06-2024 | 30-06-2024 |
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 01-07-2024 | 03-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-06-2024 | 03-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി പി ആർ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ
അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ
സിനിമോൾ ഫ്രാൻസിസ്, ഓഡിറ്റർ ട്രെയിനി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലിസമ്മ സെബാസ്റ്റിൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ സജിത്ത് മാത്യൂസ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. മെറിൻ ജോസ് | മെഡിക്കൽ ഓഫീസർ , സി എച്ച് സി | 01-04-2023 | 01-01-2024 |

| | | | |
|---|---|---|---|
| ഡോ. സ്മിത ടി | മെഡിക്കൽ ഓഫീസർ , സി എച്ച് സി | 02-01-2024 | 31-03-2024 |
| ഡോ. സംഗീത ജി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ. അനൂപ് ജോസ് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. സുസ്മിത ശശിധരൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| അഖിൽ കെ രാജു | കൃഷി ഓഫീസർ | 01-04-2023 | 04-12-2023 |
| സലിൻ പി ആർ | കൃഷി ഓഫീസർ | 05-12-2023 | 31-03-2024 |
| ബിന്ദു എം എൻ | ഹെഡ് മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ഷെറിൻസ് ജോർജ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| രേവതിക്കുട്ടി കെ ആർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| അലീന നീറോ | അസി. എൻജിനീയർ | 01-04-2023 | 12-07-2023 |
| ധനലക്ഷ്മി എസ് | അസി. എൻജിനീയർ | 13-07-2023 | 31-03-2024 |
| സിജോഷ് ജോർജ് | വി ഇ ഒ, അന്തിനാട് സർക്കിൾ | 01-04-2023 | 31-03-2024 |
| മേരിക്കുട്ടി ജോസഫ് | വി ഇ ഒ, ഭരണങ്ങാനം സർക്കിൾ | 01-04-2023 | 31-03-2024 |
| സനിത്ത് കുമാർ എൻ.റ്റി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| രശ്മി മോഹൻ | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1-0 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | Government/Other ഡ്യൂസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | മുൻ വർഷങ്ങളിലെ റോഡ് ആസ്തി മൂല്യം തൻ വർഷം Prior Period Income ആയി ക്രമീകരിച്ചു | 1-1-5 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മുന്നിരിപ്പ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല | 1-1-6 |
| 8 | വരവ് തുക രജിസ്റ്റർ പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല | 1-1-9 |
| 11 | ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശമില്ല | 1-1-10 |
| 12 | മുൻവർഷങ്ങളിലെ അക്രുവൽ വരവുകൾക്ക് കുടിശിക ഡിമാന്റ് അക്കൗണ്ട് ചെയ്യുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 17 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 22 | ബി 9 ഷെഡ്യൂൾ - നീക്കിയിരിപ്പ് തുകകൾ പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായി അവശേഷിക്കുന്നു | 1-11 |
| 23 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 24 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |
| 25 | 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-14 |
| 26 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-15 |
| 27 | വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതിയിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കിയില്ല | 1-16 |
| 28 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-17 |
| 29 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 30 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-19 |
| 31 | ആകെ നിർമ്മിത വിസ്തൃതി പരിഗണിക്കാതെ പെർമിറ്റ് ഫീസ് ഈടാക്കി | 1-20 |
| 32 | വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ- ചട്ടം അനുശാസിക്കുന്ന രീതിയിലല്ല | 1-21 |
| 33 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-22 |
| 34 | ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ കരാർ ജീവനക്കാരന് വേതനം അനുവദിച്ചത് അംഗീകരിക്കുന്നില്ല. | 1-23 |
| 35 | ബാരൽ വിലയുടെ ജി.എസ്.ടി, തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്തത്- ഒടുക്കിയിട്ടില്ല. | 1-24 |
| 36 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ കാലിബാരലിന്റെ വില സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. | 1-25 |
| 37 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-26 |
| 38 | ഭവനപുനരുദ്ധാരണം - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-27 |
| 39 | ഗുണഭോക്താവ് തിരിച്ചടച്ച തുക നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല | 1-28 |

| | | |
|---|---|---|
| 40 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-29 |
| 41 | ഹരിതസഹായസ്ഥാപനത്തിന് വിഹിതം നൽകൽ - കരാർ ഉടമ്പടിയിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ നിർവ്വഹിച്ചില്ല | 1-30 |
| 42 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-31 |
| 43 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ കരാർ ജീവനക്കാരന് വേതനം അനുവദിച്ചത് അംഗീകരിക്കുന്നില്ല. | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1-1-0 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.05.2024 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.**

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 21.08.2024** **ഡെപ്യൂട്ടി ഡയറക്ടർ**

**1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല**

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2024 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

**1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിവിധ ഫണ്ട് തിരിച്ച് മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.

**1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള എല്ലാ ഇനം തുകകളുടെയും കൃത്യത വ്യക്തമാക്കുന്ന രീതിയിലല്ല Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. മുന്നിരിപ്പ് തുകകൾ സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ കൃത്യമായി രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**1-1-5 മുൻ വർഷങ്ങളിലെ റോഡ് ആസ്തി മൂല്യം തൻ വർഷം Prior Period Income ആയി ക്രമീകരിച്ചു**

I-19 ഷെഡ്യൂളിൽ Recovery Of Unutilized Grants/Funds ശീർഷകത്തിൽ 6320432 രൂപ Prior Period Income ആയി ക്രമീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെ റോഡ് ആസ്തി മൂല്യം റീ ടാറിംഗ് തുകയായി മാറ്റിയിട്ടിരുന്നത് തൻ വർഷം ക്രമീകരിച്ചതാണിത്.

**1-1-6 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മുന്നിരിപ്പ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല**

B4 ഷെഡ്യൂളിലെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ ഫണ്ടുകളുടെയും മുൻബാക്കിയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്യുന്നില്ല. ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ്, നിർമൽ പുരസ്കാരം എന്നിവയുടെ മുൻബാക്കിയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല .

**1-1-7 വരവ് തുക രജിസ്റ്റർ പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.**

B7 ഷെഡ്യൂളിൽ 340200199 - Other Deposit ഹെഡിലെ 3027 രൂപയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-8 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല**

ബി 18 ഷെഡ്യൂളിലെ 460500501 - Advance To Implementing Officers എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ നൽകിയ 623,342/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു. മുന്നിരിപ്പ് തുക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

**1-1-9 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല**

2023-24 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 2.42 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾക്ക് ഇനം തിരിച്ചുള്ള ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് .

**1-1-10 ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശമില്ല**

31/03/2024 ബാലൻസ് ഷീറ്റ്, ബി-4 ഷെഡ്യൂൾ പ്രകാരം ബാധ്യതയായുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായ 137407/- രൂപയുടെ വിശദാംശം ഏ.സി.ആർ.-ൽ ലഭ്യമല്ല. മേൽതുക യഥാവിധി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരികെ അടവാക്കിയോ പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

**1-1-11 മുൻവർഷങ്ങളിലെ അക്രൂവൽ വരവുകൾക്ക് കുടിശിക ഡിമാന്റ് അക്കൗണ്ട് ചെയ്യുന്നില്ല**

മുൻവർഷങ്ങളിലെ തൊഴിൽ നികുതി(ട്രേഡർ), ലൈസൻസ് ഫീസ് എന്നിവ 14,200/- രൂപ ലഭിച്ചത് അക്രൂവൽ എൻട്രി നടത്താതെ നേരിട്ട് വരവായി സ്വീകരിച്ചു. അക്രൂവൽ വരവുകൾ മുൻ വർഷങ്ങളിലേത് ലഭിക്കുമ്പോൾ Prior Period ഇനത്തിൽ കുടിശിക ഡിമാന്റ് അക്കൗണ്ട് ചെയ്ത ശേഷം വരവ് സ്വീകരിക്കേണ്ടതായിരുന്നു.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് 22.03.2023 ലെ I/1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 02.02.2024 തീയതിയിലെ III/1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 8919656.00 | 8919655.66 |
| വരവ് | 159248194.00 | 161348194.00 |

| | | |
|---|---|---|
| ആകെ | 168167850.00 | 170267849.66 |
| ചെലവ് | 165804000.00 | 161114000.00 |
| നീക്കിയിരിപ്പ് | 2363850.00 | 9153849.66 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 26919967.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 41341486.00 |
| ആകെ | 68261453.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 36458240.00 |
| നീക്കിയിരിപ്പ് | 31803213.00 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 92673517.00 |
| ആകെ ചെലവ് | 86841167.00 |
| വരുമാനമിച്ചം | 5832350 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 6351060 |
| അറ്റ പ്രവർത്തന മിച്ചം | 12183410 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് | 15495/- |

| | |
|---|---|
| ചെയ്യാവുന്നത് ) | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1159453/- |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12601000 | 12601000 | 12601000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1702000 | 1702000 | 1598342 | 103658 | 93.90 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9609350 | 9609350 | 7039418 | 2569932 | 73.25 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2787400 | 2787400 | 1771426 | 1015974 | 63.55 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 1123445 | 2234933 * | 3358378 | 1607049 | 1751329 | 47.85 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 3495903 | 1565000 | 5060903 | 755551 | 4305352 | 15 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2714 | 14553940 | 14556654 | 14549513 | 7141 | 99.95 |
| ഹെൽത്ത് ഗ്രാന്റ് I | 77893 | 318150 | 396043 | 87346 | 308697 | 22% |
| ഹെൽത്ത് ഗ്രാന്റ് II | 0 | 2805500 | 2805500 | 0 | 2805500 | 0% |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 278660 | 782820 | 1061480 | 900000 | 161480 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 517133 | 0 | 517133 | 10323 | 506810 | |

* ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് വിഭാഗത്തിന്റെ വരവ് ബാങ്കിൽ ക്രെഡിറ്റ് ചെയ്ത 147933/- രൂപ പലിശ കൂടി ഉൾപ്പെട്ടതാണ്.

* ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് വിഭാഗത്തിൽ പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പും യഥാർത്ഥ നീക്കിയിരുപ്പും തമ്മിൽ 8890 രൂപയുടെ വ്യത്യാസം ഉണ്ട്.

വ്യത്യാസം വിശദമാക്കേണ്ടതാണ്.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2058592/-രൂപ, 85849/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 09.03.2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 29.01.24 ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 2(1)/ 12.12.2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 28.12.2022 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 28.12.2022 മുതൽ 12.01.2023 വരെ |
| ആസൂത്രണസമിതി യോഗം | 28.12.2022 |
| വികസനസെമിനാർ | 14.02.2023 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 10.06.2023, മുതൽ 28.06.2023 വരെ |
| വികലാംഗ ഗ്രാമസഭ | 12.01.2023 |
| ഊരുകൂട്ടം | 12.01.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 209 | 118987667 | 130 | 38056853 | 79 | 62.2 | 31.98 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്കുകളുടെ എണ്ണം | ആകെ അടങ്കൽ തുക | നടപ്പാക്കിയ പ്രോജക്കുകളുടെ എണ്ണം | ആകെ ചെലവ് തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1025000 | 7 | 720961 |
| വെറ്റിനറി സർജൻ | 8 | 3207800 | 7 | 917260 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 8 | 3136037 | 7 | 1494724 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 520000 | 3 | 442232 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 192000 | 2 | 192000 |
| വി.ഇ.ഒ | 20 | 61557491 | 14 | 12394965 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4725125 | 4 | 3381204 |
| സെക്രട്ടറി | 52 | 10538185 | 36 | 6713725 |
| അസിസ്റ്റന്റ് എൻജിനീയർ | 82 | 29773808 | 34 | 9597782 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 204000 | 1 | 48000 |

| | | | | |
|---|---|---|---|---|
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1400000 | 1 | 610225 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 1850221 | 10 | 787602 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ | 4 | 858000 | 4 | 756173 |
| ആകെ | 209 | 118987667 | 130 | 38056853 |

**1) 3689564/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2023-24 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 3689564/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 1702000 | 1598342 | 103658 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9609350 | 7039418 | 2569932 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2787400 | 1771426 | 1015974 |
| ആകെ | | | 3689564 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 36 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗത്തിൽ 100 ശതമാനം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

**2) നിക്ഷേപ പ്രവൃത്തികൾ- 1995017 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.**

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 1995017/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 858841/- രൂപയുടെ വിനിയോഗ വിവരവും, കേരള പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച 66253/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 82923/- രൂപയുടെ വിനിയോഗ വിവരവും, കെൽട്രോണിൽ നിക്ഷേപിച്ച 987000/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണശേഷം നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്നപക്ഷം ആയത് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2023-24 വർഷം 110 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 262 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 217 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 71 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 131.38 ലക്ഷം രൂപ. 32677 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 236 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 107 അയൽക്കൂട്ടങ്ങളിൽ 107 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 479 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, കാർഷികകുളം നിർമ്മാണം, കിണർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും അംഗൻവാടി നിർമ്മാണം റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2714 | 1415055 | 1417769 | 1410628 | 7141 |

| | | | | | |
|---|---|---|---|---|---|
| ഇ.എഫ്.എം.എസ് | 0 | 13138885 | 13138885 | 13138885 | 0 |
| ആകെ | 2714 | 14553940 | 14556654 | 14549513 | 7141 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1966800 | 1242 |
| വിധവാ പെൻഷൻ | 4196100 | 3534 |
| വാർദ്ധക്യകാല പെൻഷൻ | 15331000 | 11413 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2225400 | 1463 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 276800 | 173 |
| തൊഴിൽ രഹിത വേതനം | 1800 | 1 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2024 തീയതിയിൽ 3.30 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,323/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ

നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2022 | 07/2021 മുതൽ 03/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.11.2017 - 21.11.2017 | 2012-13 മുതൽ 2016-17 വരെ | LBA(HQ)-II/8-B-1319/301 തീയതി 12/01/2018 |

**1-11 ബി 9 ഷെഡ്യൂൾ - നീക്കിയിരിപ്പ് തുകകൾ പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായി അവശേഷിക്കുന്നു**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ വിശദാംശം ലഭ്യമായില്ല. പഞ്ചായത്തിന്റെ 31/03/2024 ബാലൻസ് ഷീറ്റ് പ്രകാരം എല്ലാ വിശദാംശങ്ങളും ലഭ്യമല്ലാത്തതിനാൽ സർക്കാർ റിക്കവറികൾ ഒടുക്കാതെ പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യതയായി തുടരുന്നു. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ബാലൻസ്ഷീറ്റിലെ കണക്ക് ശീർഷകം | ഇനം | തുക (രൂപ) |
|---|---|---|
| 350300112 | Government And Other Dues Payable - Value Of Court Fee Stamp | 9640/- |
| 350400999 | Refund Of Unutilised Grants - Prior Period | 148963/- |
| 350800101 | Liability In Respect Of Stale Cheques | 78919/- |

അൺ യൂട്ടിലൈസ്ഡ് ഗ്രാന്റ് , കോർട്ട് ഫീസ് സ്റ്റാമ്പ്, ഇനങ്ങളിലുള്ള തുക ഏത് കാലയളവിൽ ഏതെല്ലാം ഇടപാടുകളുമായി ബന്ധപ്പെട്ടാണ് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതെന്ന് 2023-24 Government Dues Register-ൽ ചേർത്തിട്ടില്ല. സ്റ്റയിൽ ചെക്ക് എന്ന ഇനത്തിലുള്ള 78919/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല. സർക്കാരിലേക്കുള്ള റിക്കവറികളുടെ എല്ലാ വിശദാംശവും കണ്ടെത്തി ടി തുകകൾ യഥാവിധി സർക്കാരിലേക്ക് ഒടുക്കി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത തീർപ്പാക്കിയ ശേഷം ട്രഷറി ചെലാനും Government Dues Register ന്റെ ബന്ധപ്പെട്ട പേജുകൾ സാക്ഷ്യപ്പെടുത്തിയും ഹാജരാക്കേണ്ടതാണ്.

**1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല**

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് (നിരക്ക് 500/ച.മീ). 01.04.2023 പ്രാബല്യത്തിൽ നിരക്ക് (600/- ച.മീ.) ആയി പഞ്ചായത്ത് പുതുക്കിയിട്ടുണ്ട്. ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | കെട്ടിട നമ്പർ/ വിസ്തീർണ്ണം | ഉടമസ്ഥൻ | നികുതി ഒടുക്കാത്ത കാലയളവ് | കുടിശ്ശിക (ലൈബ്രറി സെസ്സ് ഉൾപ്പടെ) |
|---|---|---|---|---|
| 1 | 6/407 ZA3<br>11.27 ച.മീ. | ജനറൽ മാനേജർ<br>ബി എസ് എൻ എൽ,<br>കോട്ടയം | 2022-23 രണ്ടാം അർദ്ധവർഷം മുതൽ 2023-24 വരെ | 10424/- |
| 2 | 7/90 A<br>9 ച.മീ. | ജനറൽ മാനേജർ<br>ബി എസ് എൻ എൽ,<br>കോട്ടയം | 2022-23 രണ്ടാം അർദ്ധവർഷം മുതൽ 2023-24 വരെ | 9080/- |
| 3 | 8/391<br>29.67 ച.മീ. | റിലയൻസ്<br>ഇൻഡികോം<br>കൊച്ചി | 2020-21 രണ്ടാം അർദ്ധവർഷം മുതൽ 2023-24 വരെ | 61708/- |
| 4 | 9/173 A<br>94.93 ച.മീ. | വൊഡാഫോൺഎസ്സാർ<br>എറണാകുളം നോർത്ത് | 2021-22 രണ്ടാം അർദ്ധവർഷം | 115945/- |

| | | | | |
|---|---|---|---|---|
| | | | മുതൽ<br>2023-24 വരെ | |
| 5 | 10/232 B<br>21.58 ച.മീ. | ജനറൽ മാനേജർ<br>ബി എസ് എൻ എൽ,<br>കോട്ടയം | 2022-23 രണ്ടാം<br>അർദ്ധവർഷം<br>മുതൽ<br>2023-24 വരെ | 16329/- |
| 6 | 12/71 A | ജനറൽ മാനേജർ<br>ബിഎസ്എൻഎൽ,<br>കോട്ടയം | 2022-23 രണ്ടാം<br>അർദ്ധവർഷം<br>മുതൽ<br>2023-24 വരെ | 9080/- |
| ആകെ | | | | 222566/- |

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 31/02.07.2024) മറുപടിയായി മൊബൈൽ ടവർ ഉടമസ്ഥർക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . തുടർനടപടികൾ സ്വീകരിച്ച് കുടിശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | തരം (ഫോം- 6 പ്രകാരം) |
| 1 | 1/32 B | മിനി രാജു | പ്രവിത്താനം - ഉള്ളനാട് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 1/2 A | ട്രസ്റ്റി, സെന്റ്.അഗസ്റ്റിൻസ് ചർച്ച് പ്രവിത്താനം | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 1/145 A | ഷാജി കെ ജോസ് | പ്രവിത്താനം - പ്ലാശനാൽ | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 1/61 A | ബിജുമോൻ ജോസഫ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 1/132 D | ബബിത ജോർജ് | ഭരണങ്ങാനം - പ്രവിത്താനം | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 1/132 B | റ്റിൽസ്മോൻ തോമസ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/29.06.24) സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റോഡ് മാസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**<u>1-14 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല</u>**

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 27/05/2023ലെ 1(1) നം. തീരുമാനത്തിൽ നികുതി നിരക്കുകൾ അംഗീകരിച്ചു. എന്നാൽ 2023-24 ലെ സപ്ലിമെന്ററി അസസ്സ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചില കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ലയെന്ന് കാണുന്നു. ഉദാഹരണം, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്

നിലവിലുണ്ടായിരുന്ന 6 രൂപയിൽ നിന്ന് 7 രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും 23.09.2023 തീയതിയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള ആനി സിറിയക്ക് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1/108 E നമ്പർ കെട്ടിടത്തിന് 6 രൂപ നിരക്കിൽ തന്നെ നികുതി നിർണ്ണയിച്ചിട്ടുള്ളതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം 01/04/2023 ന ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 14/28-06-2024) നൽകിയതിന് മറുപടിയായി നികുതി നിരക്ക് വിഷയത്തിലെ അപാകത പരിഹരിക്കുമെന്ന് അറിയിച്ചു. ഈ വിഷയത്തിലുള്ള സോഫ്റ്റ്‌വെയർ അപാകത IKM വഴി അടിയന്തിരമായി പരിഹരിച്ച് നികുതി നിരക്ക് കൃത്യമാക്കേണ്ടതും കുറവുവന്ന നികുതി 2023-24 ലെ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## <u>1-15 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു</u>

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ .

| ഉടമയുടെ പേര് | വില്ലേജ്/ സർവേ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | മേഖല | റോഡിന്റെ പേര് |
|---|---|---|---|---|---|
| ജെയിംസ് ജോർജ് കലയത്തിനാൽ | ഭരണങ്ങാനം 389/8-2 | 7/126 B | 170.78 | ദ്വിതീയം | ഭരണങ്ങാനം - ഇടമറ്റം |
| | | 7/126 C | 194.72 | പ്രഥമം | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/02.07.24) സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. സമാന രീതിയിൽ മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം

നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-16 വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതിയിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കിയില്ല**

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തെ വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചതുമൂലം തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല.

| വില്ലേജ് / സർവേ നം. | ഉടമ | കെട്ടിട നമ്പർ/ കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീ) | തറനിർമ്മിതിയുടെ തരം |
|---|---|---|---|---|
| ഭരണങ്ങാനം 345/3-5 | ജോണിജോസഫ് പാലക്കൽ | 9/8A,B | 337.5 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ |
| | | 9/8 C,D,E,F,G | 431.3 | |

ടി കെട്ടിടത്തിന്റെ ഫോം - 6 പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ തറ ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം 250 ച.മീ -ന് മുകളിലായാൽ ആയതിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് ബാധകമാക്കേണ്ടതാണ്. എന്നാൽ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ അസസ്സ്മെന്റും 250 ച.മീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാകാതിരിക്കുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

A) <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിടഭാഗം</u>

വസ്തുനികുതി നിരക്ക് = 60/ച.മീ.

അടിസ്ഥാന വസ്തുനികുതി = 337.5 X 60

= 20,250/- രൂപ

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വരുത്തേണ്ടിയിരുന്ന വർദ്ധനവ് (15 %)

= 20250 X 15/100

= 3038/- രൂപ

B) പാർപ്പിടാവശ്യത്തിനുള്ള കെട്ടിടഭാഗം

വസ്തുനികുതി നിരക്ക് = 6/ച.മീ.

അടിസ്ഥാന വസ്തുനികുതി = 431.3 X 6

= 2588/- രൂപ

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വരുത്തേണ്ടിയിരുന്ന വർദ്ധനവ് (15 %)

= 2588 X 15/100

= 388/-

ആകെ നികുതി നഷ്ടം = 3038 + 388

= 3426/- രൂപ

തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 3426/- രൂപയുടെ വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ മേൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ നിയമപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (24/29.06.2024) മറുപടിയായി സഞ്ചയ സോഫ്റ്റ്‌വെയറിലെ ന്യൂനത മൂലമാണ് ടി വിഷയം പരിഹരിക്കാത്തത് എന്നറിയിച്ചു. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-17 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്റ്റുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു .

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | തോമസ് ജോർജ് |
| 2. | ബിനു സി ജോസ് |
| 3. | മോനി വി ആത്തുക്കുഴി |
| 4. | ഷാജി മാത്യു |
| | |

| | |
|---|---|
| 5. | ജോസഫ് എ ടി |
| 6. | റോയ് മാത്യൂ |
| 7. | അഖിൽ സുരേഷ് |
| 8. | രാജീവ് രാജു |
| 9. | മനോജ് ടി ജി |
| 10. | ജോമി മാത്യൂ |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 17/28.06.2024) മറുപടിയായി കരാർ പ്രവർത്തികൾ ഏറ്റെടുക്കുന്നവർ മറ്റു പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്നാണ് അറിയിച്ചത്. മേൽ പട്ടികയിൽ ഉൾപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് പകർപ്പ് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. കരാറുകാരുടെയും പ്രൊഫഷണലുകളുടെയും ഡേറ്റബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് ലിമിറ്റഡ്, ഭരണങ്ങാനം | 1,2 |
| 2 | KLM Axiva Finvest(Gold Loan), ഭരണങ്ങാനം | 1,2 |
| 3 | കെ യു സി എസ്, പ്രവിത്താനം | 2 |
| 4 | Michel's Financial Services, ഭരണങ്ങാനം | 1,2 |
| 5 | കേരള ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.4418, ഭരണങ്ങാനം | 1,2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 21/29.06.2024) മറുപടിയായി മേൽ സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് അറിയിച്ചു. സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

**1-19 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

1. പഞ്ചായത്തിന്റെ 2023-24 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 79 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ 84 സ്ഥാപനങ്ങളാണ് ഡിമാൻഡ് ലിസ്റ്റിൽ ഉണ്ടായിരുന്നത്. തൻവർഷം സ്ഥാപനങ്ങളുടെ എണ്ണം കുറയുകയാണുണ്ടായത്. പഞ്ചായത്ത് പരിധിയിലുള്ള ബാങ്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2023-24 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | PTE സ്റ്റഡി സെന്റർ, ചൂണ്ടച്ചേരി |
| 2 | സെന്റ് ചവറ കോച്ചിങ്ങ് സെന്റർ, ഭരണങ്ങാനം |
| 3 | Europe Study Centre, ഭരണങ്ങാനം |
| 4 | Sigma Study Centre, ഭരണങ്ങാനം |
| 5 | കേരള ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.4418, ഭരണങ്ങാനം |
| 6 | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് ലിമിറ്റഡ്, ഭരണങ്ങാനം |
| 7 | KLM Axiva Finvest(Gold Loan), ഭരണങ്ങാനം |
| 8 | Michel’s Financial Services, ഭരണങ്ങാനം |
| 9 | ശ്രേയസ് കേന്ദ്ര, ഭരണങ്ങാനം |
| 10 | Ribi Associates Construction Management, ഭരണങ്ങാനം |
| 11 | Raji Mathew & Co.(RMC), ഭരണങ്ങാനം |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനമായതിനാൽ ടി സ്ഥാപനങ്ങൾ പഞ്ചായത്ത് ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് പഞ്ചായത്ത് തനത് വരുമാന സ്രോതസ്സ് പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല എന്നതിന് തെളിവാണ്. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.08/27.06.2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാൻഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2023-24 വർഷത്തെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള സ്ഥാപന ലിസ്റ്റ് വിശദമായ ഫീൽഡ് പരിശോധന നടത്തി പരിഷ്കരിക്കേണ്ടതാണ്.

2. 2023-24 വർഷം പഞ്ചായത്തിന്റെ ഡിമാൻഡ് ലിസ്റ്റിൽ ഉൾപ്പെട്ട വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2023-24 നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ പി എസ്, ഭരണങ്ങാനം | 2 |
| 2 | ക്രിസ്തുജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂൾ | 2 |
| 3 | ഇൻഫർമേഷൻ കേരള മിഷൻ | 2 |
| 4 | കെ യു സി എസ്, പ്രവിത്താനം | 2 |
| 5 | കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ | 1,2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.22/29.06.2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാൻഡ് നോട്ടീസ്

അയച്ചിട്ടുള്ളതായി അറിയിച്ചു. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-20 ആകെ നിർമ്മിത വിസ്തൃതി പരിഗണിക്കാതെ പെർമിറ്റ് ഫീസ് ഈടാക്കി</u>**

ഭരണങ്ങാനം വില്ലേജിൽ റീ സർവേ നമ്പർ 365/1, 365/2, 365/2-2 ലുള്ള 29 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 422.90 ച.മീ. വിസ്തീർണമുള്ള 2 നില വീട് പണിയുന്നതിനായി സ്ഥല ഉടമയായ ശ്രീ. ജോയ്സൺ ജോസഫ് എന്നയാൾക്ക് 20.06.2023 ൽ SC3-BA(216005)/2023 നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു . പെർമിറ്റിനായി സമർപ്പിച്ച ബിൽഡിങ് പ്ലാൻ പരിശോധിച്ചപ്പോൾ കെട്ടിടത്തോട് ചേർന്ന് കാർ പോർച്ച് (BUILT-UP AREA - 63.65 M2) ഉള്ളതായി കാണുന്നു. കാർ പോർച്ചിന്റെ ബിൽറ്റപ്പ് ഏരിയ കൂടി പരിഗണിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ നിർമ്മിത വിസ്തൃതി 486.55 ച.മീ. ആണ്. കാർ പോർച്ചിന്റെ ബിൽറ്റപ്പ് ഏരിയ ഒഴിവാക്കിയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് . 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 8, ചട്ടം 67 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിട ഭാഗങ്ങളുടെ ലിസ്റ്റിൽ കാർ പോർച്ച് ഉൾപ്പെട്ടിട്ടില്ല . കാർ പോർച്ചിന്റെ ബിൽറ്റപ്പ് ഏരിയ ഒഴിവാക്കി പെർമിറ്റ് അനുവദിച്ചതിനാൽ പെർമിറ്റ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ ആകെ നിർമ്മിത വിസ്തൃതി = 486.55 ച.മീ.

| | |
|---|---|
| പെർമിറ്റ് ഫീസ് ഈടാക്കിയത് | = 422.90 X 150 |
| | = 63435/- |
| ഈടാക്കേണ്ടിയിരുന്നത് | = 486.55 X 150 |
| | = 72983/- |
| പെർമിറ്റ് ഫീസിനത്തിലുള്ള കുറവ് | = 72983-63435 |
| | = 9548/- |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (18/28.06.2024) നല്കിയതിനെത്തുടർന്ന് കുറവ് വന്ന തുക 9548 രൂപ (Receipt No.1240500624/02.07.2024) പ്രകാരം അടവാക്കിയിട്ടുണ്ട്.ഇത്തരത്തിലുള്ള അപാകത മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിലും ആവർത്തിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-21 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ- ചട്ടം അനുശാസിക്കുന്ന രീതിയിലല്ല</u>**

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ

കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ റൂൾ 2 (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഫീസ് ഈടാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതുമാണ്. എന്നാൽ സാമ്പത്തിക വർഷം ലൈസൻസ് ഫീസ് പിരിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ലൈസൻസ് പിരിച്ചതിന്റെ മാനദണ്ഡം ഓഡിറ്റിൽ വ്യക്തമായിട്ടില്ല . മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു . കൂടാതെ ഹാർഡ്‌വെയർ, ബിൽഡിംഗ് മെറ്റീരിയൽസ് , ഇലക്ട്രിക് ഉപകരണങ്ങൾ തുടങ്ങിയ മൂലധന നിക്ഷേപം കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ തുകയാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

2. <u>എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല</u>

വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് പ്രദേശത്തെ 287 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടേയും പട്ടിക തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നതിനു പകരം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം ഡിമാന്റിലുൾപ്പെടുത്തുന്ന രീതിയാണ് നിലവിൽ അവലംബിച്ചുപോരുന്നത്. ആയതിന് അനുസൃതമായാണ് വാർഷിക കണക്കിലും ഡിമാന്റ് ഉൾപ്പെടുത്തുന്നത്. ഇത് ശരിയായ പ്രവണതയല്ല. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ആയതും അപകടം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023-24 വർഷം പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും,

ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

3. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള FACTEOS ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. **<u>ലൈസൻസ് ഫീസ് കുറവായി ഈടാക്കി</u>**

ഡി & ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ, മിനി, സ്മോൾ, മീഡിയം എന്റർപ്രൈസസ് വിഭാഗങ്ങളിൽ വരുന്ന സേവനങ്ങൾക്കും ഉല്പാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. ഫീസ് നിശ്ചയിക്കുന്നത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് .ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടി രൂപയിൽ അധികരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് ആയിരം രൂപയും ഒരു കോടി രൂപയിൽ കൂടുതലും അഞ്ചു കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയുമാണ് ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ്. സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് 1000 രൂപയും 50 ലക്ഷം രൂപയിൽ കൂടുതലും രണ്ട് കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയും ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ 2023-24 വർഷം ലൈസൻസ് എടുത്തിട്ടുള്ള തെക്കയിൽ ജ്വവലറി എന്ന സ്ഥാപനം 1.50 കോടി രൂപ ആണ് മൂലധനനിക്ഷേപമായി ലൈസൻസിനുള്ള അപേക്ഷയിൽ ചേർത്തിരുന്നതെങ്കിലും 2000/- രൂപ മാത്രമാണ് ലൈസൻസ് ഫീസായി

ഈടാക്കിയിട്ടുള്ളത്. മൂലധന നിക്ഷേപത്തിനാനുപാതികമായുള്ള ലൈസൻസ് ഫീസല്ല മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുള്ളത് . ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.16/28.06.2024) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-22 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല</u>**

മഴക്കാല പൂർവ്വ ശുചീകരണ പദ്ധതിക്കായി വൗച്ചർ നം. 22300155/31.05.2023 പ്രകാരം 130000/- രൂപ മെഡിക്കൽ ഓഫീസർ, സി എച്ച് സി-ക്ക് കൈമാറിയിട്ടുണ്ട് (ചെക്ക് നം. 852449/27.05.2023). ആയതിന്റെ ചെലവ് രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.34/03.07.2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 130000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-23 ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ കരാർ ജീവനക്കാരന് വേതനം അനുവദിച്ചത് അംഗീകരിക്കുന്നില്ല.</u>**

പ്രോജക്ട് നം. 3/24
അടങ്കൽ- 200000/- രൂപ ( വികസന ഫണ്ട് പൊതുവിഭാഗം )
ചെലവ്- 185970/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ 200000 രൂപ വികസന ഫണ്ട് വകയിരുത്തി, ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകുന്നതിനായി പ്രോജക്ട് നടപ്പാക്കി (പ്രോജക്ട് നം. 3/24). പ്രോജക്ട് പ്രകാരം 185970/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2023 നവംബറിലെ വേതനമായി 30995/- രൂപ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ ലാലുപ്രസാദ് സി നായർക്ക് നൽകിയിട്ടുണ്ട് (ബിൽ നം. 34/23-24/ 30.11.23). എന്നാൽ കരാർ ജീവനക്കാരുടെ ഹാജർ പുസ്തകത്തിൽ നവംബർ മാസത്തിൽ ടിയാൻ 16.11.23 മുതൽ 30.11.23 വരെയുള്ള ദിവസങ്ങളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു. അർഹതപ്പെട്ട അവധി അനുവദിച്ചതായും കാണുന്നില്ല. ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ കരാർ ജീവനക്കാരന് വേതനം അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (19/28.6.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ ടി ജീവനക്കാരന് അനുവദിച്ച വേതനം തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ ടിയാന് വേതനമായി അനുവദിച്ച 15495/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 15495/-

രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-24 ബാരൽ വിലയുടെ ജി.എസ്.ടി, തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്തത്- ഒടുക്കിയിട്ടില്ല.**

ഭരണങ്ങാനം ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വിലയുടെ ജി.എസ്.ടി, ഈടാക്കിയത് " Sale Of Empties And Waste Materials" എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര് | ബാരൽ വിലയുടെ ജി.എസ്.ടി ഈടാക്കിയ തുക |
|---|---|---|
| 1 | 166/24 അയ്യംപാറ- ചിറ്റാനപ്പാറ റോഡ് മെയിന്റനൻസ് വാർഡ്-4 | 343 |
| 2 | 130/24 പ്രവിത്താനം അരീക്കക്കുന്ന് കോളനി റോഡ് മെയിന്റനനസ് വാർഡ്- 1 | 386 |
| 3 | 140/24 ഇടപ്പാടി പോസ്റ്റ് ഓഫീസ്- അയ്യംപാറ- റോഡ് മെയിന്റനൻസ് വാർഡ്-9 | 643 |
| 4 | 138/24അല്ലാപ്പാറ- ഇളന്തോട്ടം പള്ളി മണപ്പാറത്ത് പീഠിക റോഡ് മെയിന്റനൻസ് വാർഡ്-12 | 514 |
| 5 | 129/24 കയ്യൂർ ഉള്ളനാട് നരിക്കാട്ട് ഭാഗം ലിങ്ക് റോഡ് മെയിന്റനൻസ് വാർഡ്-4 | 922 |
| 6 | 154/24 കള്ളിക്കൽ- പുളിക്കൽപ്പാറ റോഡ് മെയിന്റനൻസ് വാർഡ്-10 | 686 |

| | | |
|---|---|---|
| | ആകെ | 3494 |

ജി.എസ്.ടി തുക സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (9/27.6.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട ജി.എസ്.ടി തുക 3494/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-25 റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ കാലിബാരലിന്റെ വില സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.</u>**

ഭരണങ്ങാനം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല.

കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ ബാരലൊന്നിന് 238/- രൂപ പ്രകാരവും 18% ജി.എസ്.റ്റിയും ഈടാക്കാവുന്നതാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 135/24 കോട്ടവഴി കീഴമ്പാറ റോഡ് മെയിന്റനൻസ് വാർഡ് 7 കരാറുകാരൻ- തോമസ് ജോർജ്, കണിയാംകുന്നേൽ, നടയ്ക്കൽ | 24 | വില 5712/- ജി.എസ്.ടി 18%- 1028/- |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (10/27.6.24-ാം നമ്പർ) ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 5712 രൂപയും ജി.എസ്.ടി 1028 രൂപയും ഉൾപ്പടെ 6740 രൂപ രസീത് നം. 1240500617/29.06.24 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയതായി അറിയിച്ചു. ടി തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-26 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല**

ലൈഫ് ഭവനപദ്ധതിയിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് വീട് നിർമ്മാണത്തിനായി തുക കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കിയില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | ആകെ നൽകിയ തുക | നിലവിലെ അവസ്ഥ | അവസാനം തുക നൽകിയ തീയതി |
|---|---|---|---|---|
| 1 | ബിജു കുട്ടപ്പൻ കുളത്തിനാൽപറമ്പിൽ | 0 | ഭൂരഹിത ഭവന രഹിതനായതിനാൽ 2 ലക്ഷം രൂപയ്ക്ക് ഭൂമി വാങ്ങി നൽകി. 2020-21 ൽ കരാർ വച്ചു | - |
| 2 | ജയ്സൺ അഫ്രേം മുയറ്റിയിൽ | 300000 | ഭിത്തി | 22.01.2022 |
| 3 | ഷംല ബിജു ചക്രവേലിത്താഴെ | 40000 | ഭൂരഹിത ഭവന രഹിതയായതിനാൽ 2 ലക്ഷം രൂപയ്ക്ക് ഭൂമി വാങ്ങി നൽകി. 2020-21 ൽ മുൻകൂർ നൽകി. | 02.03.2021 |
| 4 | സെബാസ്റ്റ്യൻ അരുൺ വിൽഫ്രെഡ് കുമാർ അൽഫോൺസ ഭവൻ | 350000 | മേൽക്കൂര | 13.07.2023 |
| 5 | റജി ജോസഫ് ചിറയ്ക്കൽ | 350000 | മേൽക്കൂര | 20.03.2023 |
| 6 | സുകുമാരി പി ആർ കളരിയ്ക്കൽ | 350000 | മേൽക്കൂര | 22.06.2023 |
| 7 | ജോജോമോൾ തോമസ് | 350000 | മേൽക്കൂര | 22.06.2023 |

| | | | | |
|---|---|---|---|---|
| | വാത്തിയേടത്ത് | | | |
| 8 | അഗസ്റ്റി യോഹന്നാൻ മാത്തിപ്പറമ്പിൽ | 350000 | മേൽക്കൂര | 31.032023 |
| 9 | മല്ലിക ജയ്മോൻ മറ്റത്തിൽ | 140000 | തറ | 22.06.2023 |
| 10 | ദേവദാസ് സി തെക്കേയറ്റത്ത് | 140000 | തറ | 20.03.2023 |
| 11 | രതീഷ് എൻ കെ നീലിയാനിക്കുന്നേൽ | 200000 | തറ | 15.12.2022 |
| 12 | മിനി ഷാജി പള്ളിക്കുന്നേൽ | 200000 | തറ | 31.01.2023 |
| 13 | അന്നമ്മ കെ വി കലേമലയിൽ | 200000 | തറ | 19.12.2023 |
| 14 | അമ്മിണി തങ്കച്ചൻ പതിക്കൽ | 300000 | ഭിത്തി | 07.11.2023 |
| 15 | തങ്കമ്മ കാവുങ്കൽ | 340000 | മേൽക്കൂര | 11.12.2023 |
| 16 | ബിജു ആന്റണി കൊട്ടേപ്പറമ്പിൽ | 340000 | മേൽക്കൂര | 19.12.2023 |
| 17 | ലീല കുമാരൻ ഈറ്റയ്ക്കാട് | 300000 | ഭിത്തി | 07.11.2023 |
| 18 | തങ്കമണി രാജു കോട്ടയ്ക്കൽ | 300000 | ഭിത്തി | 19.12.2023 |
| 19 | ഫിലോമിന അന്റണി വേലംതുണ്ടിയിൽ | 40000 | അഡ്വാൻസ് | 07.08.2023 |

മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളുൾപ്പെടെ മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (32/02.07.2024) ഭരണസമിതിയുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭൂരഹിതർക്ക് സ്ഥലം വാങ്ങി നൽകി കരാർ വച്ച് വർഷങ്ങൾക്കുശേഷവും പണി തുടങ്ങിയിട്ടില്ലെങ്കിൽ സ്ഥലം വീണ്ടെടുത്ത് അർഹരായ മറ്റ് കുടുംബങ്ങൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഭവന നിർമ്മാണം ആരംഭിക്കുകയും നിലവിൽ പൂർത്തിയാക്കാത്തതുമായ

ഗുണഭോക്താക്കളുടെ വീട് പണി പൂർത്തിയാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27 ഭവനപുനരുദ്ധാരണം - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല**

| | |
|---|---|
| പ്രോജക്റ്റ് നം | 93/23-24 |
| പ്രോജക്ടിന്റെ പേര് | ഭവനപുനരുദ്ധാരണം (ജനറൽ) |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഭരണങ്ങാനം സർക്കിൾ |
| അടങ്കൽ | 650000, വികസന ഫണ്ട് ജനറൽ |
| ചെലവ് | 575000, വികസന ഫണ്ട് ജനറൽ |
| ബിൽ നം. | 11/10.11.23 – 300000<br>12/13.12.23 – 75000<br>15/16.01.24 – 25000<br>18/25.03.2024 – 175000 |

മേൽ പ്രോജക്ട് പ്രകാരം 13 ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. ആയതിൽ 10 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചു. 25000/- രൂ വീതം ലോലമ്മ മോഹനൻ, പുലിളുക്കിൽ (ബിൽ നം.11/10.11.23), ജോസഫ് കെ ജെ, കുറുമാക്കൽ (ബിൽ നം.11/10.11.23), ബിജുമോൻ പി ആർ, പാറയിൽ (ബിൽ നം.18/25.03.24) എന്നീ ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ടി ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/26.06.2024) ടിയാളുകൾ പണി പൂർത്തീകരിച്ചിട്ടില്ലായെന്നും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഭവനപുനരുദ്ധാരണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വീടുകളുടെ പണി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-28 ഗുണഭോക്താവ് തിരിച്ചടച്ച തുക നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷം 163/22-23, ഭവനപുനരുദ്ധാരണം (ജനറൽ) എന്ന പദ്ധതി പ്രകാരം 25000/- രൂപ വർഗ്ഗീസ് തോമസ്, വടക്കേ വീട്ടിൽ എന്ന ഗുണഭോക്താവിന് നൽകിയിരുന്നു, പണി നടത്താത്തതിനാൽ 16.03.2024ൽ രസീത് നം. 1230502850 പ്രകാരം മേൽ തുക ടിയാൾ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട്. ആയത് വികസന ഫണ്ട് (ജനറൽ) ശീർഷകത്തിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിന്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/26.06.2024) ടി തുക വികസന ഫണ്ട് (ജനറൽ) ശീർഷകത്തിൽ അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ച് തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-29 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല**

2023-24 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ - ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നു പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ 09/23-24 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,<br>ഗവ. ഹോമിയോ ഡിസ്പെൻസറി |
| അടങ്കൽ തുക | 175000/-<br>(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവഴിച്ച തുക | 175000/- |
| ബിൽ നം./തീയ്യതി | 145/2023-24/29.10.23 |

മേൽ പദ്ധതി പ്രകാരം 175000/- രൂപ മരുന്നു വാങ്ങുന്നതിനായി ഹോംകോയ്ക്ക് 29.10.23 ൽ നൽകിയിട്ടുണ്ട്. നാളിതുവരെ 75,660/- രൂപയ്ക്കുള്ള മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ഇനിയും 99,340/- രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാകുവാനുണ്ട്. മരുന്നുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 06/27.06.24) യുടെ മറുപടിയിൽ 26.06.24 ലെ 37/2024/ജി.എച്ച്.ഡി.പി നമ്പർ കത്ത് പ്രകാരം മരുന്നുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 99,340 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 ഹരിതസഹായസ്ഥാപനത്തിന് വിഹിതം നൽകൽ - കരാർ ഉടമ്പടിയിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ നിർവ്വഹിച്ചില്ല**

| | |
|---|---|
| പ്രോജക്ട് | 204/23-24 – ഹരിതസഹായ സ്ഥാപനത്തിന് വിഹിതം നൽകൽ |
| അടങ്കൽ | 155028 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 129190 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം./തീയതി | 18/28.03.2024 |

| | |
|---|---|
| ഇൻവോയ്സ് നം., തുക | SEUF/KTM/PINVOICE/23-24/19/15.07.2023 - 25838/- |
| ഇൻവോയ്സ് നം., തുക | SEUF/KTM/PINVOICE/23-24/42/02.11.2023 - 103352/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹരിതസഹായ സ്ഥാപനത്തിന് വിഹിതം നൽകൽ എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന് ആവശ്യമായ സഹായം നൽകുന്നതിനായി Socio Economic Unit Foundation (SEUF), Kottayam എന്ന സ്ഥാപനവുമായി 02.05.2023 ൽ കരാറിൽ ഏർപ്പെട്ടിരുന്നു. കരാറിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1) ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടും ശുചിത്വമിഷൻ/കുടുംബശ്രീ മിഷനിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉപയോഗിച്ച് SEUF നിർവ്വഹിക്കേണ്ടതാണ്.

2) തദ്ദേശസ്വയംഭരണ പ്രദേശത്തിന്റെ സവിശേഷതകൾക്കനുസരിച്ചും ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചും വിവിധ പ്രചരണപരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കുക.

3) ആവശ്യകതാ നിർണ്ണയ സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങളും ലഭ്യമായ ദ്വിതീയ വിവരങ്ങളും ക്രോഡീകരിച്ച് റിപ്പോർട്ടാക്കുകയും അത് തദ്ദേശസ്വയംഭരണ സ്ഥാപനതല ശിൽപ്പശാലയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിന് നേതൃത്വം നൽകുക.

4) പ്രസ്തുത ശിൽപ്പശാലയിൽ നിന്നുള്ള വിവരങ്ങൾ ചേർത്ത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്ര മാലിന്യസംസ്കരണ വിശദാംശരേഖ തയ്യാറാക്കുക.

5) ജൈവമാലിന്യസംസ്കരണത്തിനുള്ള പൊതുസംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക. ഇവ കുറ്റമറ്റ രീതയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രോട്ടോകോൾ തയ്യാറാക്കി ഹരിതകർമ്മസേനയെ പരിശീലിപ്പിക്കുക.

6) അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ അജൈവമാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിതകർമ്മസേനയെ പരിശീലിപ്പിക്കുക.

7) ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും പ്രവർത്തനമികവ് കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

8) ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഇവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ഹരിതകേരളം മിഷൻ തീരുമാനിക്കുന്ന മാതൃകയിലും ഇടവേളകളിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ജില്ലാ ശുചിത്വമിഷനും

ഹരിതകേരളം മിഷനും നൽകുക.

9) ഹരിതകർമ്മസേനയെ സ്വയംപര്യാപ്തമായ സംരംഭമാക്കി മാറ്റുന്നതിനുള്ള ബിസിനസ് പ്ലാനും സാങ്കേതിക സഹായവും പ്രവർത്തനനേതൃത്വവും നൽകുക.

10) ശുചിത്വ-മാലിന്യ സംസ്കരണം-അവസ്ഥാ വിശകലന റിപ്പോർട്ട്, പ്രായോഗികകർമ്മ പരിപാടി എന്നിവ കരാർ വച്ച് 30 ദിവസത്തിനകം നൽകുക.

കരാർ ഉടമ്പടിയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമുള്ള കാര്യങ്ങൾ SEUF, Kottayam എന്ന സ്ഥാപനം നിർവ്വഹിച്ചതിന്റെ രേഖകളോ റിപ്പോർട്ടുകളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/02.07.2024) മറുപടി ഹാജരാക്കിയില്ല. ആയതിനാൽ SEUF, Kottayam എന്ന സ്ഥാപനത്തിന് നൽകിയ 129190/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.**

2023-24 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം/ പേര് | നിക്ഷേപിച്ച തുക | ബിൽ നം/ തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 77/24 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 630000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | വൗച്ചർ നം. XVFC/22-23/P/50/ 20.03.23 | കെ.എസ്.ഇ.ബി ഭരണങ്ങാനം സെക്ഷൻ |
| 2 | 216/24 ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് തുക അടവാക്കൽ | 150000 (തനത് ഫണ്ട് ) | വൗച്ചർ നം. XVFC/22-23/P/53/ 29.03.23 | കെ.എസ്.ഇ.ബി കൊല്ലപ്പള്ളി സെക്ഷൻ |
| 3 | 193/24 കുഴൽ കിണർ മെയിന്റനൻസ് | 20923 (തനത് ഫണ്ട് ) | ചെക്ക് നം. 109817/ 13.10.23 | ഭൂജലവകുപ്പ് ജില്ലാ ഓഫീസ് കോട്ടയം |
| | ആകെ | 800923 | | |

മേൽ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ

20/29.6.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്ന് ബന്ധപ്പെട്ട അധികൃതർ അറിയിച്ചു. പൂർത്തീകരണ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നത് വരെ 800923 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ – കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ</u>**

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന നൂതനസംരംഭമാണ് ഹരിതകർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും, ആയതിന് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യ ചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/ നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിലായി ആകെ ജനസംഖ്യ 16054 ആണ്. ആകെ ആൾതാമസം ഉള്ള വീടുകൾ 3478 എണ്ണവും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 366 എണ്ണവുമാണ്. ആകെയുള്ള 13 വാർഡുകളിലായി 14 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ച് വരുന്നു. അഗതി, ആശ്രയ, ഇപിഐപി കുടുംബങ്ങളെ യൂസർ ഫീ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. യൂസർ ഫീ അടക്കുന്നതിൽ തുടർച്ചയായി മുടക്കം വരുത്തിയ കുടുംബങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. വീടുകളുടെ എണ്ണത്തിലുള്ള കുറവും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും ഹരിതകർമ്മസേനയുടെ വരുമാനക്കുറവിന് കാരണമാകുന്നുണ്ട്.

**മാലിന്യം കൈമാറ്റം/നീക്കം ചെയ്യലിലെ കാര്യക്ഷമത**

മാലിന്യ സംസ്കരണത്തിനായി കലണ്ടർ തയ്യാറാക്കുകയും ആയത് പ്രകാരം മാലിന്യം യഥാസമയം ഹരിതകർമ്മസേനക്ക് കൈമാറിക്കൊള്ളാം എന്ന് എല്ലാ വീടുകളും ഗ്രാമപഞ്ചായത്തുമായുള്ള കരാർ 2023 ഏപ്രിൽ-മെയ് മാസത്തിൽ തന്നെ പൂർത്തിയാക്കിയിട്ടുള്ളതാണ്. ടി പ്രവർത്തനം പൂർത്തിയാക്കിയതിന് സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷ വേളയിൽ വച്ച് ഭരണങ്ങാനം പഞ്ചായത്തിന് പ്രത്യേക ആദരവ് ലഭിക്കുകയുണ്ടായി. എല്ലാ മാസവും 15-ാം തീയതി മുതൽ 30-ാം തീയതി വരെയുള്ള ദിവസങ്ങളിൽ ഡോർ ടു ഡോർ കളക്ഷൻ കൃത്യമായി പൂർത്തിയാക്കുകയും മിനി എം.സി.എഫുകളിൽ എത്തിക്കുകയും ചെയ്യുന്നു, തുടർന്ന് വരുന്ന മാസത്തിന്റെ ആദ്യ പാദത്തിൽ മിനി എം സി എഫിൽ തന്നെ മാലിന്യം തരം തിരിച്ച് മെയിൻ എം.സി.എഫിൽ എത്തിക്കുന്നു. ക്ലീൻ കേരള കമ്പനി യഥാസമയം മാലിന്യം ശേഖരിക്കാത്തതിനാൽ 2023 നവംബർ മുതൽ റഫ്ലോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും മേൽ മാസം മുതൽ റഫ്ലോ ഏജൻസിക്ക് മാലിന്യം കൈമാറുകയും ചെയ്തുവരുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഉണ്ട് എന്നും മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നില്ല എന്നും ഉറപ്പാക്കിയിട്ടുണ്ട്. ശാസ്ത്രീയമായ മാലിന്യ സംസ്കരണം ശീലിപ്പിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതി മുഖേന കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചു നൽകുന്നു. കൂടാതെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ജൈവമാലിന്യ സംസ്കരണത്തിനുള്ള കമ്പോസ്റ്റ് യൂണിറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്. ചൂണ്ടച്ചേരി ഹോട്ടൽ മാനേജ്മെന്റ് കോളേജ് എൻ എസ് എസ് യൂണിറ്റിന്റെ സഹകരണത്തോടെ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പ്രധാന പാതയോരങ്ങളുടെയും ശുചീകരണം പഞ്ചായത്തിനെ മൂന്ന് ക്ലസ്റ്ററുകളായി തിരിച്ച് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ 2023 ജൂൺ മാസം നടത്തുകയുണ്ടായി. ഒറ്റ ദിവസം കൊണ്ട് ഏകദേശം മൂന്ന് ടൺ മാലിന്യം ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തു. വാർഡ്തല യോഗങ്ങൾ, ഹരിതസഭ, കുട്ടികളുടെ ഹരിതസഭ, സഫലം 55+ വയോജനങ്ങളുടെ വാർഷിക യോഗം, ഭരണങ്ങാനം പള്ളി മാതൃവേദി യോഗം എന്നിങ്ങനെ വിവിധ ഭാഗങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന്റെ സന്ദേശം എത്തിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന സംബന്ധിയായി പ്രശസ്തരുടെ വീഡിയോ സന്ദേശങ്ങളും പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നുണ്ട്.

നിരത്തുകളിൽ/ പൊതു ഇടങ്ങളിൽ മാലിന്യം തള്ളൽ, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപന തല വിജിലൻസ് സ്ക്വാഡ്, ഹരിതകർമ്മ സേന, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ മൂലം പൊതു ഇടങ്ങളിൽ മാലിന്യം തള്ളിയ 16 വ്യക്തികളിൽ നിന്നായി 52200 രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്.

**തൊഴിൽ സാദ്ധ്യത**

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് മാസത്തിൽ ശരാശരി 15 ദിവസം ഓരോ ഹരിതകർമ്മസേനാംഗത്തിനും തൊഴിൽ ലഭ്യമാകുന്നതായി കാണുന്നു. ഓരോ വാർഡുകളിലേയും വീടുകൾ/സ്ഥാപനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പ്രതിമാസം 8000 മുതൽ 21000 രൂപ വരെ വരുമാനവും ലഭ്യമാകുന്നുണ്ട്. ഓരോ വാർഡിലെയും ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണവും ശരാശരി മാസ വരുമാനവും ചുവടെ ചേർക്കുന്നു.

| വാർഡ് | എണ്ണം | തുക |
|---|---|---|
| 1 | 1 | 11817 |
| 2 | 1 | 12271 |
| 3 | 2 | 11025 |
| 4 | 1 | 12246 |
| 5 | 1 | 12355 |
| 6 | 1 | 13534 |
| 7 | 1 | 19142 |
| 8 | 1 | 19305 |
| 9 | 1 | 16288 |
| 10 | 1 | 12513 |
| 11 | 1 | 11476 |
| 12 | 1 | 17901 |
| 13 | 1 | 12818 |

ഹരിതകർമ്മസേനക്ക് വേതനം നൽകുന്നതിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

**അടിസ്ഥാന സൗകര്യങ്ങൾ**

കൂടുതൽ സൗകര്യങ്ങളുള്ള എം സി എഫ് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങിയിട്ടുണ്ട്. എല്ലാ വാർഡുകളിലും മിനി എംസിഎഫ് ഉണ്ട്. ഒന്നിൽ കൂടുതൽ എംസിഎഫ് ആവശ്യമുള്ള വാർഡുകളിൽ ആയത് നിർമ്മിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വാർഡുകളിലെ അജൈവ മാലിന്യശേഖരണം സുഗമമാക്കുന്നതിന് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് ബാഗ്, റെയ്ൻകോട്ട്, യൂണിഫോം, ഐഡി കാർഡ്. ഗ്ലൗസ് എന്നിവ വാങ്ങിനൽകിയിട്ടുണ്ട്. ഡ്രൈവർ ഇല്ലാത്തതിനാൽ വാഹനം നിലവിൽ ഉപയോഗിക്കുന്നില്ല. ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നിലവിലുള്ള എം സി എഫ് 13 വാർഡുകളിൽ നിന്നുമുള്ള മാലിന്യം ശേഖരിക്കാൻ പര്യാപ്തമല്ലാത്തതിനാൽ മിനി എം സി എഫുകളിൽ മാലിന്യം തരം തിരിച്ചിട്ടാണ് മെയിൻ എംസിഎഫിൽ എത്തിക്കുന്നത്. സൗകര്യപ്രദമായ എം സി എഫിന്റെ അഭാവം, മാലിന്യ നീക്കത്തിനുള്ള ഏജൻസികൾ കൃത്യമായി മാലിന്യ നീക്കം പൂർത്തിയാക്കാത്തത്, മിനി എംസിഎഫുകൾക്കെതിരെ പ്രാദേശികമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ, ഹരിതകർമ്മ സേനയോട് സഹകരിക്കാത്തവർ എന്നിവ മാലിന്യ നിർമ്മാർജ്ജനപ്രക്രിയ ലക്ഷ്യം നേടുന്നതിന് വിഘാതമാകുന്ന അടിസ്ഥാന പ്രശ്നങ്ങളാണ്.

ഹരിതകർമ്മസേനയിലൂടെയും ഇതരമാർഗ്ഗങ്ങളിലൂടെയും ഗ്രാമപഞ്ചായത്ത് നടത്തികൊണ്ടിരിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതും സാങ്കേതികവിദ്യകൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നും സൗകര്യപ്രദമായ എം സി എഫ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഈ മേഖലയിൽ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തേണ്ടതും സംസ്ഥാന സർക്കാരിന്റെ ഈ വിഷയത്തിലെ വിപുലമായ താൽപര്യം ആതേ ഗൗരവത്തിൽ ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കി ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന് ഹരിത കർമ്മസേനയെ സജ്ജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ കരാർ ജീവനക്കാരന് വേതനം അനുവദിച്ചത് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം. 3/24

അടങ്കൽ- 200000/- രൂപ ( വികസന ഫണ്ട് പൊതുവിഭാഗം )

ചെലവ്- 185970/- രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ 200000/- രൂപ വികസന ഫണ്ട് വകയിരുത്തി, ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകുന്നതിനായി പ്രോജക്ട് നടപ്പാക്കി (പ്രോജക്ട് നം. 3/24). പ്രോജക്ട് പ്രകാരം 185970/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2023 നവംബറിലെ വേതനമായി 30995/- രൂപ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ ലാലുപ്രസാദ് സി നായർക്ക് നൽകിയിട്ടുണ്ട് (ബിൽ നം. 34/23-24/ 30.11.23). എന്നാൽ കരാർ ജീവനക്കാരുടെ ഹാജർ പുസ്തകത്തിൽ നവംബർ മാസത്തിൽ ടിയാൻ 16.11.23 മുതൽ 30.11.23 വരെയുള്ള ദിവസങ്ങളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു. അർഹതപ്പെട്ട അവധി അനുവദിച്ചതായും കാണുന്നില്ല. ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ കരാർ ജീവനക്കാരന് വേതനം അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (19/28.6.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ ടി ജീവനക്കാരന് അനുവദിച്ച വേതനം തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. ഓഫീസിൽ ഹാജരില്ലാത്ത ദിവസങ്ങളിൽ ടിയാന് വേതനമായി അനുവദിച്ച 15495/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 15495/- രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2023-24 | 18.05.2024 | 26.06.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് തുക | ബാക്കി |
|---|---|---|---|---|
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 88/23-24 പാലിയേറ്റീവ് കെയർ | 120112 | 120112 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 94/23-24 ലൈഫ് ഭവനപദ്ധതി - പട്ടികജാതി | 860000 | 860000 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 113/23-24 ലൈഫ് ഭവനപദ്ധതി - ജനറൽ | 100000 | 100000 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 85/23-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 50000 | 0 |
| | ആകെ | **1130112** | **1130112** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 85/23-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 140000 | 140000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 84/23-24 അനുപൂരക പോഷകാഹാര പദ്ധതി | 300000 | 300000 | 0 |
| | ആകെ | **440000** | **440000** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഭരണങ്ങാനം സെക്ഷൻ | 77/23-24 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | വൗച്ചർ നം. XVFC/23-24/P/7/ 20.03.24 = 567000 വൗച്ചർ നം. XVFC/23-24/P/8/ 20.03.24-63000 | 630000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 0 | 630000 |
| കെ.എസ്.ഇ.ബി കൊല്ലപ്പള്ളി സെക്ഷൻ | 216/23-24 ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് തുക അടവാക്കൽ | സാംഗ്ഷൻ ഓർഡർ നം. 247/9.1.24 = 96982 സാംഗ്ഷൻ ഓർഡർ നം. 406/9.1.24 = 53018 | 150000 (തനത് ഫണ്ട് ) | 0 | 150000 |
| ഭൂജലവകുപ്പ് ജില്ലാ ഓഫീസ് കോട്ടയം | 193/23-24 കുഴൽ കിണർ മെയിന്റനൻസ് | ചെക്ക് നം. 109817/ 13.10.23 = 20923 | 20923 (തനത് ഫണ്ട് ) | 0 | 20923 |
| | **ആകെ** | | **800923** | **0** | **800923** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2023-24 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

2023-24 വർഷം പഞ്ചായത്ത് ലൈഫ് പദ്ധതിക്കായി KURDFC വായ്പ എടുത്തതിന്റേയും നിലവിലുള്ള വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.05.2018 | 6,403,559/- | 37,40,000/- | 12,68,441/- | - | 88,75,118/- |

സെക്രട്ടറിയുടെ 230/23-24, 233/23-24, 236/23-24 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ട് (ജനറൽ)-ൽ നിന്നും ആകെ 1,182,592/- രൂപയും 231/23-24, 234/23-24, 237/23-24 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ട് (എസ് സി പി)-യിൽ നിന്നും 85,849/- രൂപയും ഉൾപ്പെടെ ആകെ 1,268,441/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത് ക്രമീകരിച്ചാണ് KURDFC വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4704985/- |
| തൻവർഷം നിക്ഷേപിച്ച തുക | 5000000/- |
| തൻവർഷം ലഭിച്ച തുക(പലിശ) | 142822/- |
| ആകെ | 9847807/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2024-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9847807/- |

തൻവർഷം ഭരണങ്ങാനം സർവീസ് സഹകരണ ബാങ്കിൽ 07.06.2023-ൽ 50 ലക്ഷം രൂപ സ്ഥിരനിക്ഷേപം ആക്കിയിട്ടുണ്ട്. നിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരം പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

| നിക്ഷേപിച്ച | സ്ഥിര നിക്ഷേപ അക്കൗണ്ട് നം., | നിക്ഷേപ തുക | 31.03.2024 ലെ |
|---|---|---|---|

| ബാങ്ക്/ശാഖ | തീയതി | | നീക്കിയിരിപ്പ് |
|---|---|---|---|
| ഭരണങ്ങാനം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.4150 /ഭരണങ്ങാനം | 4712/420/05-06, 31.03.2006 | 1,50,000/- | 7,07,271/- |
| കേരള ഗ്രാമീൺ ബാങ്ക് /പ്രവിത്താനം | 40727202200093, 14.06.2022 | 10,00,000/- | 10,46,491/- |
| ഫെഡറൽ ബാങ്ക് /ഭരണങ്ങാനം | 19100300018394, 23.03.2023 | 30,00,000/- | 30,05,262/- |
| ഭരണങ്ങാനം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.4150 /ഭരണങ്ങാനം | FD1/140/2023-24, 07.06.2023 | 50,00,000/- | 50,88,783/- |
| **ആകെ സ്ഥിര നിക്ഷേപം** | | | **98,47,807/-** |

സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ സ്ഥിരനിക്ഷേപ രജിസ്റ്ററിൽ(Fixed Deposits Register) സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ പ്രകാരം 2023-24 വർഷം ഈയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | - | 2013-14 | 5-1 | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള സ്രോതസ്സുകളും | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3-1, 2 | 2016-17 | അനുബന്ധം 3,4 | തൊഴിൽ നികുതി, വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല. സർച്ചാർജ് നടപടികളിലൂടെ 2023-24 വർഷം പഞ്ചായത്ത് ഫണ്ടിൽ തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 68261453/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 36458240/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15495/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1159453/- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയാ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| | | | |

| | | | |
|---|---|---|---|
| 3-1 | | 15495/- | സജിത്ത് മാത്യൂസ്, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 130000/- | ഡോ. സ്മിത ടി. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-29 | 99340/- | ഡോ. അനൂപ് ജോസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-30 | 129190/- | രശ്മി മോഹൻ, അസി. സെക്രട്ടറി |
| 1-31 | 800923/- | സജിത്ത് മാത്യൂസ്, സെക്രട്ടറി |
| | | |
| **ആകെ** | 1159453/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജിത്ത് മാത്യൂസ്, സെക്രട്ടറി | സെക്രട്ടറി, ഭരണങ്ങാനം ഗ്രാമ പഞ്ചായത്ത് | തെങ്ങുംമൂട്ടിൽ വീട് , വെള്ളയാംകുടി പി.ഒ, കട്ടപ്പന ഇടുക്കി ജില്ല |
| | | |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 1996-97 | എൽ.എഫ്.കെ.പി11-17/2009 /12.01.2010 | 8 |
| 2003-04 (ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/37(7)/2022 /04.08.2022 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/37(10)/2022/04.08.2022 | 2 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/37(12)/2022/04.08.2022 | 6 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/345(1)/2022/04.08.2022 | 2 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/345(2)/2022/04.08.2022 | 6 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2022/345(3)/2022/04.08.2022 | 4 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി7/345(4)/2022/ 17.08.2022 | 1 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി7/19/2024(2)/26.03.24 | 6 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി7/345(6)/2022/ 17.08.2022 | 6 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി7/345(7)/2022/ 17.08.2022 | 16 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി7/1970/2022/ 21.11.2022 | 3 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി7/677/2022/ 27.10.2022 | 18 |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി7/572/2023/ 15.05.2023 | 22 |
| 2022-23 | കെ.എസ്.എ.-കെ.ടി.എം.പി7/1312/2023/ 04.03.2024 | 42 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 14-05-2024 and submitted on 18-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Bharananganam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Bharananganam Grama Panchayat as on 31-03-2024

**Date: 21/08/2024** **Deputy Director**

Kerala State Audit Department

## Audit Report appended to the Audit Certificate of Bharananganam Grama Panchayat for the Year 2023-2024.

### 1.Major Observations

1. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on 31/03/2024
2. Non Disclosure of Assets. Assets not classified, valuated and accounted-Asset Register has not updated.
3. Documents for verification of capital contribution accounted not provided. Captal contribution opening balance details, fundwise capital contriobution of current year are not available.

### 2.Other Observations

1. Government/Other dues register not maintained properly to substantiate financial statements.
2. Road asset value of previous years is adjusted as Prior Period Income for the current year.
3. Details of the opening balance of Specific purpose grants not available in 2023-24 Appropriation Control Register.
4. The receipt amount during the financial year under the account head of contractors retention
differs from Annual Financial Statement and Deposit register.
5. Advance register is not maintained properly.
6. Contingent Expenses are not accounted on the exact account head.
7. Details of unspent contribution from Block Panchayath and District Panchayath remaining upto 31/03/2024
is not available in 2023-24 Appropriation Control Register.
8. Prior period accrual incomes of 14,200/- identified and realised during 2023-24 are

accounted as

direct receipt instead of arrear demanded receipt.

Deputy Director

District Office Kottayam

Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്